നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ കെട്ടിക്കിടക്കുന്നതുമൂലമുണ്ടാകുന്ന മലിനീകരണം തടയുക, ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുക, ശാസ്ത്രീയമായ മാലിന്യപരിപാലനം നടത്തുക, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക, പൊതുനിരത്തുകൾ, ഓവുചാലുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് വലിച്ചെറിയുന്ന പ്രവണതയും പ്ലാസ്റ്റിക് കത്തിക്കുന്ന പ്രവണതയും ഗണ്യമായി കുറയ്ക്കുക, പുനഃചംക്രമണ മൂല്യമുള്ള വസ്തുക്കൾ പരമാവധി പുനഃചംക്രമണ വിധേയമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശുചിത്വമിഷൻ മുഖേന സ്വീകരിച്ചു വരുന്നുണ്ട്.

പാർട്ട്ണർ കേരള മിഷൻ പദ്ധതി

13(*133) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ടണർ കേരള മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതി വഴി ഉദ്ദേശിക്കുന്നത്.

(സി) 1. പാർട്ട്ണർ കേരള മിഷൻ രൂപീകരിച്ച് അതിനെ പിപിപി പദ്ധതികളുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസി ആക്കിയിട്ടുണ്ട്.

2. മെസ്സേഴ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്.

3. പാർട്ട്ണർ കേരള മിഷൻ പ്രാദേശിക സർക്കാരുമായി ഒപ്പു വയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും അതാത് പ്രാദേശിക സർക്കാരുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

4. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്.

5. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികം ഉറപ്പുവരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടത്തിയിട്ടുണ്ട്.

6. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പുതിയതായി തെരഞ്ഞെടുത്തിട്ടുള്ള ജനപ്രതിനിധികൾക്കായി കിലയുമായി ചേർന്ന് ട്രെയിനിംഗ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

7. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വർക്ക് ഷോപ്പുകൾ നടത്തിയിട്ടുണ്ട്.

8. പൊതു സ്വകാര്യ പങ്കാളിത്തപദ്ധതികളുമായി സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി ഇൻവെസ്റ്റർ എക്സ്പോഷർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

9. 45 പദ്ധതികളുടെ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അതിൽ 17 പ്രോജക്ടുകളുടെ ആർ.എഫ്.ക്യു. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly